**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4470** **18-03-2025 - ൽ മറുപടിയ്ക്ക്**

**മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര സർക്കാർ സഹകരണ മന്ത്രാലയം രൂപീകരിച്ചതിലൂടെ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ പേരിൽ സംസ്ഥാന സഹകരണ മേഖലയിൽ കടന്നു കയറാനുള്ള ശ്രമമാണ് നടത്തുന്നതെന്ന് വിലയിരുത്തുന്നുണ്ടോ; ഇതിനെ ഫലപ്രദമായി പ്രതിരോധിക്കാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (എ) | 2022 ൽ മൾട്ടി സ്റ്റേറ്റ് സൊസൈറ്റീസ് ആക്ട് സമഗ്രമായി ഭേദഗതി ചെയ്ത് Multi State Co-operative Societies (Amendment) ബിൽ പാസ്സാക്കിയതിന്റെ അടിസ്ഥാനത്തിൽ മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിന് വഴിയൊരുക്കിയിട്ടുണ്ട്.<br><br>മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾക്ക് നിക്ഷേപം സ്വീകരിക്കുന്നതിനും, വായ്പ നൽകുന്നതിനും, പലിശ നിശ്ചയിക്കുന്നതിനും വ്യക്തമായ മാനദണ്ഡങ്ങളോ നിയന്ത്രണങ്ങളോ ഇല്ല. ഇത്തരം സംഘങ്ങൾ സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്നതും, സഹകരണ മേഖലയുടെ വിശ്വാസ്യതയെ തന്നെ തകർക്കുന്നതുമാണ്. മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളുടെ പ്രവർത്തനം സംസ്ഥാനത്തെ സഹകരണ സംഘങ്ങളെ ദോഷകരമായി ബാധിക്കുന്നത് പ്രതിരോധിക്കുന്നതിനായി നിരവധി പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.<br><br>സംസ്ഥാനത്തെ സഹകരണ സംഘങ്ങളെ തിരിച്ചറിയുന്നതിനായി ടി സംഘങ്ങളിൽ കേരള സഹകരണ നിയമ പ്രകാരം പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളാണ് എന്നുള്ള ബോർഡ് സ്ഥാപിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ നിദ്ദേശം നൽകിയിട്ടുള്ളതും സംഘങ്ങളിൽ ബോർഡുകൾ സ്ഥാപിച്ചിട്ടുള്ളതുമാണ്.<br><br>അംഗങ്ങൾ/ നിക്ഷേപകർ/ പൊതുജനങ്ങൾ തുടങ്ങിയവർ ഇത്തരം സംഘങ്ങളുമായി ബന്ധപ്പെടുമ്പോൾ സംഘങ്ങളുടെ പ്രവർത്തന മികവ് കണക്കിലെടുത്ത് അവരവരുടെ സ്വന്തം റിസ്കിൽ |

ബന്ധപ്പെടേണ്ട സാഹചര്യമുള്ളതിനാൽ എല്ലാ മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളും അവരുടെ ശാഖകൾ ഉൾപ്പെടെയുള്ള എല്ലാ സ്ഥാപനങ്ങളുടേയും പ്രവേശനകവാടത്തിൽ

"Multi state Co-operative Societies are functioning as autonomous cooperative organizations accountable to their members and not under the administrative control of the Central Registrar, Ministry of Agriculture and Farmer's Welfare. Therefore, the depositors/members are advised to take decision for investing deposits based on the performance of the society at their own risk. Central Registrar, Ministry of Agriculture and Farmers Welfare does not guarantee for these deposits"

എന്ന ബോർഡ് സ്ഥാപിക്കണമെന്ന് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച സർക്കുലർ പ്രകാരം എല്ലാ മൾട്ടിസ്റ്റേറ്റ് സംഘങ്ങളും ടി നോട്ടീസ് പതിക്കുന്നതിന് നിർദ്ദേശം നൽകിക്കൊണ്ട് സഹകരണസംഘം രജിസ്ട്രാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

2002 ലെ മൾട്ടിസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ടിലെ വകുപ്പ് 108 പ്രകാരം മൾട്ടിസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുടെ അക്കൗണ്ട് ബുക്കുകളും മറ്റ് പ്രവർത്തനങ്ങളും സംബന്ധിച്ച് പരിശോധന നടത്തുന്നതിനായി സംസ്ഥാനങ്ങളിലെയും കേന്ദ്ര ഭരണ പ്രദേശങ്ങളിലെയും സഹകരണ സംഘം രജിസ്ട്രാർമാരെ ചുമതലപ്പെടുത്തി സെൻട്രൽ രജിസ്ട്രാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ടി സൊസൈറ്റികളുടെ കണക്കുകളും ബുക്കുകളും മറ്റ് പ്രവർത്തനങ്ങളും പരിശോധിക്കുന്നതിന് ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാരെ ചുമതലപ്പെടുത്തി സഹകരണസംഘം രജിസ്ട്രാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

കേന്ദ്ര നിയമമായ Multi State Co-operative Societies (Amendment) Rule 2002 ൽ 2016 വർഷത്തിൽ വരുത്തിയ ഭേദഗതിയായ Multi State Co-operative Societies (Amendment) Rule, 2016 റൂൾ 3(1)(g) പ്രകാരം , "ക്രെഡിറ്റ് അല്ലെങ്കിൽ മൾട്ടി പർപ്പസ് എന്നീ ലക്ഷ്യങ്ങളോടെ പ്രവർത്തിക്കുന്ന ഒരു മൾട്ടി സ്റ്റേറ്റ് സൊസൈറ്റി അതിന്റെ പ്രവർത്തന പരിധി വിപുലീകരിക്കാൻ ഉദ്ദേശിക്കുന്ന സംസ്ഥാനത്തെ/കേന്ദ്ര ഭരണ പ്രദേശത്തെ സഹകരണ സംഘം രജിസ്ട്രാറിന്റെ NOC

| | | | |
|---|---|---|---|
| | | | ഹാജരാക്കേണ്ടതാണ് " എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി വ്യവസ്ഥ പ്രകാരം സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിക്കുന്നതിനും ശാഖകൾ തുടങ്ങുന്നതിനും സഹകരണസംഘം രജിസ്ട്രാറിന്റെ NOC ക്കായി നിരവധി അപേക്ഷകൾ ലഭിക്കുന്നുണ്ടെങ്കിലും ടി അപേക്ഷകൾ നിലവിൽ നിരസിക്കുകയാണ് ചെയ്തുവരുന്നത്. |

സെക്ഷൻ ഓഫീസർ